സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 167 2024 ഒക്ടോബർ 18 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

നവീൻബാബു കൈക്കൂലി വാങ്ങിയെന്ന കഥ സി.പി.എമ്മിന്റേതെന്ന് വി.ഡി. സതീശൻ; കണ്ണൂർ കളക്ടർക്കും വിമർശനം

കൊച്ചി: എ.ഡി.എം. നവീൻബാബു, സംരഭകനിൽനിന്ന് 98,500 രൂപ കൈക്കൂലി വാങ്ങിയെന്ന കഥ സി.പി.എം. ഉണ്ടാക്കിയതാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സി.പി.എം. നവീൻബാബുവിന്റെ കുടുംബത്തോടും കേരളത്തിലെ ജനങ്ങളോടും മാപ്പു പറയണം. ജില്ലാ കളക്ടർക്ക് ഇതിലൊരു പങ്കാളിത്തമുണ്ട്. അദ്ദേഹം നടത്തിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കടന്നുവരുമ്പോൾ ഇത് ഓഫീസ് പരിപാടി ആണെന്ന് കളക്ടർ പറയണമായിരുന്നെന്നും സതീശൻ കൂട്ടിച്ചേർത്തു.

മദ്യനിരോധനമുള്ള ബിഹാറിൽ വ്യാജമദ്യദുരന്തം:

25 മരണം, 49 പേർ ചികിത്സയിൽ

പട്ന: ബിഹാറിലെ സിവാൻ, സരൺ ജില്ലകളിലുണ്ടായ വ്യാജമദ്യദുരന്തത്തിൽ 25 പേർ മരിച്ചു. 49 പേർ ചികിത്സയിൽ. മദ്യത്തിൽ മീഥൈയിൽ ആൽക്കഹോൾ കലർത്തിയതാണ് ദുരന്തത്തിലേക്ക് നയിച്ചതെന്നാണ് പ്രാഥമിക വിവരം.

സംഭവത്തിൽ, ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ ഉന്നതതല അവലോകന യോഗം നടത്തി. ഉന്നത ഉദ്യോഗസ്ഥരോട് സ്ഥലം സന്ദർശിക്കാൻ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തത്തിൽ 25 പേർ മരിച്ചതായി ബിഹാർ ഡി.ജി.പി. അറിയിച്ചു. സംഭവത്തിൽ 25 പേരെ അറസ്റ്റ് ചെയ്തു. രണ്ട് അന്വേഷണ സംഘങ്ങളായാണ് അന്വേഷണം പുരോഗമിക്കുന്നത്. അടുത്ത കാലത്തുണ്ടായ ഇത്തരം ദുരന്തങ്ങളെക്കുറിച്ച് പരിശോധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദുരന്തത്തിന് പിന്നാലെ സർക്കാരിനെതിരേ രൂക്ഷവിമർശനവുമായി പ്രതിപക്ഷം രംഗത്തെത്തി. മദ്യപാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മരണങ്ങൾ വർധിക്കുന്നതായി പ്രതിപക്ഷം ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് മദ്യനിരോധനം നിലവിലുണ്ടെങ്കിലും വ്യാജമദ്യത്തിന്റെ അനധികൃത വിൽപ്പന വ്യാപകമാണെന്ന് കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധി ആരോപിച്ചു.

30–ലധികം ആളുകൾ മരിച്ച സംഭവത്തിൽ അനുശോചനം രേഖപ്പെടുത്താൻ പോലും നിതീഷ് കുമാർ തയ്യാറായില്ലെന്ന് പ്രതിപക്ഷനേതാവ് തേജസ്വി യാദവ് പറഞ്ഞു. നിരവധി പേർക്ക് കാഴ്ച നഷ്ടമായി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നു. സമൂഹത്തിൽ ഇത്തരം ദുരന്തങ്ങൾ അഴിച്ചുവിടുന്നതിന് മാഫിയകൾക്ക് സംരക്ഷണമുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

കലക്ടർക്കെതിരെ പരാതി കിട്ടിയാൽ പരിശോധിക്കും: മന്ത്രി

കണ്ണൂർ: കലക്ടർക്കെതിരെ ആരെങ്കിലും പരാതി നൽകിയാൽ പരിശോധിക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ. ഗൂഢാലോചന ആരോപണത്തിന്റെ വിശദാംശം അറിഞ്ഞശേഷം പ്രതികരിക്കാമെന്നും നവീൻ ബാബുവിന്റെ കുടുംബത്തെ ചേർത്തുപിടിക്കുമെന്നും റവന്യൂ മന്ത്രി തൃശൂരിൽ പറഞ്ഞു.

എഡിഎമ്മിന്റെ മരണത്തിൽ സർക്കാരും പാർട്ടിയും അന്വേഷണം നടത്തുന്നുണ്ടെന്ന് മന്ത്രി വി. ശിവൻകുട്ടി കണ്ണൂരിൽ പറഞ്ഞു. കലക്ടർക്കെതിരായ വിമർശനവും അന്വേഷണപരിധിയിലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എഡിഎമ്മിനെതിരായ ഗൂഢാലോചനയിൽ കലക്ടർക്ക് പങ്കെന്ന് പറയുന്നുണ്ടെന്ന് സിപിഎം ജില്ലാ സെക്രട്ടറി കെ. പി. ഉദയഭാനു പറഞ്ഞു. അന്വേഷണം നടത്തി സർക്കാർ ഉചിതമായ നടപടിയെടുക്കും. നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങിൽ ഗൂഢാലോചന നടന്നിട്ടുണ്ട്. അതിൽ നല്ല പങ്ക് കലക്ടർക്കും ഉണ്ടെന്നാണ് അറിവ്. പി.പി.ദിവ്യയ്ക്കെതിരെ ആവശ്യമായ നടപടിയുണ്ടാകുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും ഉദയഭാനു കൊച്ചിയിൽ പറഞ്ഞു

പാലക്കാട് വീണ്ടും ട്വിസ്റ്റ്; കെ.സുരേന്ദ്രൻ സ്ഥാനാർഥി? വിജയം മാത്രം ലക്ഷ്യം വെച്ച് ബിജെപി

പാലക്കാട്: നിയമസഭ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ട്വിസ്റ്റുകൾ അവസാനിക്കുന്നില്ല. ഇപ്പോൾ ബി.ജെ.പിയാണ് പാലക്കാട് വലിയ ട്വിസ്റ്റുകളിലേക്ക് നീങ്ങുന്നത്. ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനെ തന്നെ സ്ഥാനാർഥിയാക്കാനുള്ള സാധ്യതയാണ് ഇപ്പോൾ തെളിയുന്നത്. സംസ്ഥാന ജനറൽ സെക്രട്ടറി സി. കൃഷ്ണകുമാറിന്റെയും ശോഭ സുരേന്ദ്രന്റെയും പേരുകൾ സജീവമായി തന്നെയുണ്ടെങ്കിലും നിലവിൽ സുരേന്ദ്രന്റെ പേരിനാണ് മുൻതൂക്കമെന്നാണ് ബി.ജെ.പി വൃത്തങ്ങൾ നൽകുന്ന സൂചന.

ബിജെപിയുടെ രീതി അനുസരിച്ച് പാർലമെന്ററി ബോർഡാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുക. ഇത്തവണ നേരത്തെ തന്നെ സ്ഥാനാർതി നിർണയം വേണമെന്ന് സംസ്ഥാന നേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ജനറൽ സെക്രട്ടറി സി. കൃഷ്ണകുമാറിന്റെ പേരിനായിരുന്നു തുടക്കത്തിൽ മുൻതൂക്കമുണ്ടായിരുന്നത്. എന്നാൽ നഗരത്തിൽ പാർട്ടിയുമായി ഇടഞ്ഞുനിൽക്കുന്ന ചില സമുദായങ്ങളെ അനുനയിപ്പിക്കാൻ പൊതുസമ്മതനായ സ്ഥാനാർഥി വേണമെന്ന ആവിശ്യം ശക്തമാണ്. ഇതാണ് സംസ്ഥാന പ്രസിഡണ്ടായ കെ. സുരേന്ദ്രനിലേക്ക് സ്ഥാനാർത്ഥി ചർച്ചകൾ എത്താനുള്ള കാരണം.

സംസ്ഥാന തലത്തിൽ ഉറ്റുനോക്കുന്ന തിരഞ്ഞെടുപ്പായതിനാൽ സംസ്ഥാന പ്രസിഡന്റിനെ തന്നെ മത്സരിപ്പിക്കട്ടെ എന്ന നിലപാടാണ് കേന്ദ്ര നേതൃത്വത്തിനുമുള്ളത്. പാലക്കാട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി പോലുള്ളവ തിരഞ്ഞെടുപ്പിൽ നേട്ടമാക്കി മാറ്റാനും സുരേന്ദ്രന് കഴിയുമെന്നാണ് ഇവരുടെ പ്രതീക്ഷ.

എന്നാൽ സുരേന്ദ്രൻ കേരളത്തിലുടനീളം നടന്ന് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടയാളാണെന്നും പ്രാദേശികമായി സ്വാധീനമുള്ള കൃഷ്ണകുമാർ തന്നെ സ്ഥാനാർഥിയാവണമെന്നും വാദിക്കുന്നവരും ബി.ജെ.പി ജില്ലാ നേതൃത്വത്തിലുണ്ട്.

ജില്ലയുടെ ചുമതലയുള്ള ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് പി. രഘുനാഥ് ഇന്ന് ജില്ലയിലുണ്ട്. കെ സുരേന്ദ്രനും ഇന്നെത്തും. ധാരണയായാൽ സ്ഥാനാർഥിയെ ഇന്ന് തന്നെ പ്രഖ്യാപിക്കാനാണ് നീക്കം. അതേസയം സുരേന്ദ്രൻ സ്ഥാനാർഥിയായാൽ കൃഷ്ണകുമാറിന്റെയും ശോഭ സുരേന്ദ്രന്റെയും പ്രതികരണം ഏത് രീതിയിലാവും എന്ന കാര്യത്തിൽ പാർട്ടിയിലെ ഒരു വിഭാഗത്തിന് ആശങ്കയുണ്ട്. ബി.ജെ.പിക്ക് സംസ്ഥാനത്ത് തന്നെ ഏറ്റവും വിജയസാധ്യതയുള്ള സീറ്റാണെന്നതും തൃശൂർ വിജയത്തിന്റെ ആത്മവിശ്വാസവുമുള്ളതിനാൽ മറ്റ് പ്രശ്നങ്ങളില്ലാതെ സ്ഥാനാർഥി പ്രഖ്യാപനം നടത്താനാണ് ബി.ജെ.പി നേതൃത്വം ലക്ഷ്യം വെക്കുന്നത്.

നിലവിൽ കോൺഗ്രസ് സ്ഥാനാർഥി രാഹുൽ മാങ്കൂത്തിൽ പ്രചാരണം ആരംഭിച്ച് കഴിഞ്ഞു. ലോക്സഭ തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ രാഹുൽ മണ്ഡലം കേന്ദ്രീകരിച്ച് നിന്നതിനാൽ പ്രചാരണ പ്രവർത്തനങ്ങളിൽ മുൻകൈ ഉണ്ട്. സ്ഥാനാർഥി പ്രഖ്യാപനം കഴിഞ്ഞ് മിനുട്ടുകൾക്കുള്ളിൽ തന്നെ ചുവരെഴുത്തുകളും മറ്റുമായി കോൺഗ്രസ്സും കളം പിടിച്ചു. സ്ഥാനാർഥിയെ ഇന്ന് പ്രഖ്യാപിക്കുന്നതോടെ എൽ.ഡി.എഫും പ്രചാരണത്തിൽ സജീവമാകും. അതിനാൽ സ്ഥാനാർഥി പ്രഖ്യാപനം നടത്തി ഒറ്റക്കെട്ടായി മുന്നോട്ട് നീങ്ങാനാണ് ബി.ജെ.പി ശ്രമിക്കുന്നത്.

വയനാട് ദുരന്തം: ഫണ്ട് അനുവദിക്കാനുള്ള നടപടി പുരോഗമിക്കുന്നു; കേന്ദ്രം ഹൈക്കോടതിയിൽ

കൊച്ചി: വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു. ബാങ്ക് വായ്പകളിൽ സർക്കുലർ ഇറക്കുന്നതിൽ നിലപാടറിയിക്കാൻ ഹൈക്കോടതി കേന്ദ്രത്തിന് നിർദേശം നൽകി. കേരളത്തിൽ എവിടെയൊക്കെ കേന്ദ്രഫണ്ട് ഉപയോഗിച്ചുവെന്ന് അറിയിക്കാനും കോടതി ആവശ്യപ്പെട്ടു.

ഇതോടൊപ്പം, വിവിധ ഘട്ടങ്ങളിലായി 782 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്രം കോടതിയെ അറിയിച്ചു. ഈ തുക ഏതൊക്കെ പദ്ധതികളിൽ ഉപയോഗിച്ചുവെന്ന് അറിയിക്കാൻ സംസ്ഥാന സർക്കാരിനോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാനത്തോട് കോടതി നിർദേശിച്ചു. കേസ് അടുത്ത ആഴ്ച വീണ്ടും പരിഗണിക്കും.

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട സഹായധനം അനുവദിക്കുന്നതിൽ കേന്ദ്രസർക്കാർ രണ്ടാഴ്ചയ്ക്കകം നിലപാട് അറിയിക്കണമെന്ന് നേരത്തെ ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് എപ്പോൾ നൽകാനാകുമെന്നതുൾപ്പെടെ അറിയിക്കാനാണ് കോടതി നിർദേശിച്ചത്.

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന് കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ലെന്ന് അമിക്കസ്ക്യൂറി കോടതിയെ അറിയിച്ചിരുന്നു. അയൽ സംസ്ഥാനങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങളിൽ കേന്ദ്രഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്വമേധയാ എടുത്ത കേസും പൊതുതാത്പര്യഹർജികളുമാണ് ഡിവിഷൻ ബെഞ്ചിന്റെപരിഗണനയിലുള്ളത്.

അച്ഛനെ കൊലപ്പെടുത്തിയെന്ന് ഫോൺ അറിയിപ്പ്, പിന്നാലെ മകന്റെ അറസ്റ്റ്

കൊട്ടാരക്കര: തൃക്കണ്ണമംഗലിൽ അച്ഛനെ കൊലപ്പെടുത്തിയ മകനെ പോലീസ് അറസ്റ്റ് ചെയ്തു. തൃക്കണ്ണമംഗൽ അജിത് നിലയത്തിൽ തങ്കപ്പൻ ആചാരി (82) ആണ് കൊല്ലപ്പെട്ടത്. മകൻ അജിത്ത്(45)നെ കൊട്ടാരക്കര പോലീസ് അറസ്റ്റ് ചെയ്തു. ഇന്ന് രാവിലെ എട്ടരയോടെയാണ് സംഭവം. താൻ അച്ഛനെ കൊലപ്പെടുത്തിയതായി അജിത്ത് സുഹൃത്തിനെ ഫോണിൽ അറിയിക്കുകയായിരുന്നു.

പോലീസെത്തി പരിശോധിച്ചപ്പോഴാണ് വീട്ടിനുള്ളിൽ കഴുത്തിൽ തോർത്ത് മുറുകി മരിച്ച നിലയിൽ തങ്കപ്പൻ ആചാരിയെ കണ്ടെത്തിയത്. സമീപമുള്ള ആളൊഴിഞ്ഞ വീടിന്റെ തിണ്ണയിൽ മദ്യലഹരിയിൽ കിടന്നിരുന്ന അജിത്തിനെ പോലീസ് പിടികൂടുകയായിരുന്നു. വിരമിച്ച അഗ്നിരക്ഷാസേന ഉദ്യോഗസ്ഥനായിരുന്നു തങ്കപ്പൻ ആചാരി.

അജിത്തും തങ്കപ്പനാചാരിയും മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്. സ്ഥിരം മദ്യപാനിയാണ് അജിത്. മദ്യപിച്ച് അച്ഛനും മകനും രാത്രി തർക്കമുണ്ടായതായി നാട്ടുകാർ പറയുന്നു. ആദ്യം കഴുത്തുഞെരിച്ച് കൊലപ്പെടുത്തി ശേഷം ആയുധം ഉപയോഗിച്ച് ആക്രമിക്കുകയുമുണ്ടായി. ഇൻക്വസ്റ്റ് നടപടികൾ പുരോഗമിക്കുകയാണ്. ഡോഗ് സ്ക്വാഡ് ഉൾപ്പെടെയുള്ളവർ വീട്ടിൽ പരിശോധന നടത്തുകയാണ്. വിവാഹമോചിതനായ അജിത്തും മകനും ഒരുമിച്ചാണ് താമസിച്ചിരുന്നത്.

സൽമാൻ ഖാന് പുതിയ വധഭീഷണി

മുംബയ്: ശത്രുത അവസാനിപ്പിച്ച് രമ്യതയിലെത്താൻ അഞ്ചുകോടി രൂപ ആവശ്യപ്പെട്ട് ബോളിവുഡ് താരം സൽമാൻ ഖാന് അധോലോക നായകൻ ലോറൻസ് ബിഷ്ണോയ് സംഘത്തിന്റെ വധഭീഷണി. പണം നൽകാൻ തയ്യാറായില്ലെങ്കിൽ മുൻ മന്ത്രിയും എൻസിപി നേതാവുമായിരുന്ന ബാബ സിദ്ധിഖിയുടെ ഗതിവരുമെന്നും സന്ദേശത്തിൽ പറയുന്നുണ്ട്. മുംബയ് ട്രാഫിക് പോലീസിനാണ് ബിഷ്ണോയി സംഘത്തിന്റേത് എന്നുകരുതുന്ന ഭീഷണി വാട്സാപ്പ് സന്ദേശം ലഭിച്ചത്. ബിഷ്ണോയ് സംഘത്തിലെ മൂന്നുപേർ ചേർന്നാണ് ബാബ സിദ്ധിഖിയെ പരസ്യമായി വെടിവച്ചുകൊന്നത്. സൽമാനുമായുള്ള അടുപ്പമാണ് കൊലപാതകത്തിന് കാരണമായതെന്നാണ് റിപ്പോർട്ടുകൾ.

ഇതൊന്നും നിസാരമായി കാണരുത്. ലോറൻസ് ബിഷ്ണോയിയുമായുള്ള ശത്രുത അവസാനിപ്പിക്കാനും ജീവനോടെ കഴിയാനും സൽമാൻ അഞ്ചുകോടി രൂപ നൽകണം. പണം നൽകിയില്ലെങ്കിൽ ബാബ സിദ്ധിഖിയുടെ അവസ്ഥയെക്കാൾ മോശമാകും എന്നാണ് സന്ദേശത്തിൽ പറയുന്നത്.

തങ്ങളുടെ സമുദായത്തിന്റെ വിശുദ്ധ മൃഗമായി കരുതുന്ന കൃഷ്ണമൃഗത്തെ വേട്ടയാടിയതാണ് സൽമാനുമായി ബിഷ്ണോയിക്ക് പക വളരാൻ കാരണം. പലതവണ ബിഷ്ണോയി സംഘത്തിൽ നിന്ന് സൽമാന് ഭീഷണിയും ലഭിച്ചിരുന്നു. അടുത്തിടെ അദ്ദേഹത്തിന്റെ വസതിക്കുനേരെ വെടിവയ്പ്പും നടന്നിരുന്നു. ബാബ സിദ്ധിഖിയുടെ മരണത്തോടെ സൽമാന്റെ സുരക്ഷ അധികൃതർ വർദ്ധിപ്പിച്ചിരുന്നു.

അതിനിടെ ബിഷ്ണോയിയുമായി സൂം മീറ്റിംഗ് നടത്തണമെന്നാവശ്യപ്പെട്ട് സൽമാന്റെ മുൻ കാമുകി സോമി അലി രംഗത്തെത്തി. സാമൂഹിക പ്രവർത്തകയായി അവർ ഇപ്പോൾ അമേരിക്കയിലാണ് താമസം. തടവിൽ കഴിയുന്ന ബിഷ്ണോയിയുമായി സൂം മീറ്റിംഗ് നടത്തണമെന്നും അതിനായി അയാളുടെ നമ്പർ തരണമെന്നും ആവശ്യപ്പെട്ടാണ് സോമി അലി ഇൻസ്റ്റഗ്രാമിൽ പോസ്റ്റിട്ടത്. 'എന്നെ നിങ്ങൾക്ക് വിശ്വസിക്കാം. നമ്മൾ തമ്മിലുള്ള സംസാരം താങ്കൾക്ക് ഗുണമേ ചെയ്യൂ. ദയവായി നമ്പർ തരണം' എന്നും പോസ്റ്റിൽ ആവശ്യപ്പെടുന്നു.

1999 ലാണ് സൽമാനും സോമി അലിയും ബന്ധം അവസാനിപ്പിക്കുന്നത്. ഗാർഹിക പീഡനം, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെ അമേരിക്കയിൽ പ്രവർത്തിക്കുന്ന നോമോർ ടിയേഴ്സ് എന്ന സംഘടനയിൽ സജീവ സാന്നിദ്ധ്യമാണ് സോമി.

ഇസ്രയേലിനെയും അമേരിക്കയെയും വിറപ്പിച്ചു, ഒടുവിൽ പൊടിയിൽ മൂടി പേടിച്ചുവിറച്ച് മരണം



ടെൽ അവീവ്: കഴിഞ്ഞദിവസം കൊല്ലപ്പെട്ട ഹമാസ് തലവൻ യഹ്യാ സിൻവാറിന്റെ അവസാന നിമിഷങ്ങൾ ഇസ്രയേൽ സേന പുറത്തുവിട്ടു. ഇസ്രയേൽ സൈന്യത്തിന്റെ ഡ്രോൺ പകർത്തിയ ദൃശ്യങ്ങളാണ് പുറത്തുവിട്ടത്. ഇസ്രയേലിനെയും അമേരിക്കയെയും കിടുകിടെ വിറപ്പിച്ച ആ പോരാളിയുടെ അന്ത്യം അത്യന്തം ദയനീയമായിരുന്നുവെന്ന് ദൃശ്യങ്ങളിൽ നിന്ന് വ്യക്തം. ഷെല്ലാക്രമണത്തിൽ പൊട്ടിപ്പൊളിഞ്ഞ കെട്ടിടത്തിനുള്ളിലെ സോഫയിൽ തലയിൽ ആഴത്തിലുള്ള മുറിവും പൊടിപിടിച്ച ശരീരവുമായി പേടിച്ചരണ്ടിരിക്കുന്ന ദൃശ്യങ്ങളാണ് പുറത്തുവിട്ടത്. ഇയാളുടെ വലതുകൈയ്ക്കും ഗുരുതരമായി പരിക്കേറ്റിരുന്നു. ദൃശ്യം പകർത്തിയ ഇസ്രയേലി ഡ്രോൺ അടുത്തേക്ക് വരുമ്പോൾ കയ്യിലുണ്ടായിരുന്ന എന്തോ ഒന്ന് ഡ്രോണിനുനേരെ എറിയാനുള്ള അയാളുടെ വിഫലശ്രമവും ദൃശ്യങ്ങളിൽ കാണാം.

ഡ്രോൺ ദൃശ്യങ്ങൾ പകർത്തുമ്പോൾ സോഫയിലിരിക്കുന്നത് യഹ്യാ സിൻവാർ ആണെന്ന് സൈന്യത്തിന് വ്യക്തമായിരുന്നില്ല. ഹമാസിന്റെ ഒരു പോരാളി മാത്രമാണെന്നാണ് കരുതിയത്. ഹമാസിലെ ഒരാൾ ജീവനോടെ കെട്ടിടത്തിലുണ്ടെന്ന് വ്യക്തമായതോടെ കെട്ടിടത്തിനുനേരെ മറ്റൊരു ഷെൽ പ്രയോഗിക്കുകയും കെട്ടിടം പൂർണമായും തകർന്ന് അയാൾ കൊല്ലപ്പെടുകയായിരുന്നു എന്നാണ് ഇസ്രയേൽ സൈനിക വക്താവ് ഡാനിയേൽ ഹഗാരി പറയുന്നത്.

ഹമാസ് പോരാളികളായ മൂന്നുപേർ ഒരു കെട്ടിടത്തിനുള്ളിലേക്ക് ആയുധങ്ങളുമായി പോകുന്നത് ഇസ്രയേൽ സൈന്യം കണ്ടതോടെയാണ് യഹ്യാ സിൻവാറിന്റെ അവസാനമടുത്തത്. സൈന്യത്തിനുനേരെ ഇവർ വെടിവച്ചു. സൈന്യം ശക്തമായി തിരിച്ചടിച്ചതോടെ ഇവർ കെട്ടിടത്തിനുള്ളിലേക്ക് രക്ഷപ്പെടുകയായിരുന്നു. തുടർന്നായിരുന്നു ഷെൽ ആക്രമണം നടത്തിയതും യഹ്യാ സിൻവാർ അടക്കം ഹമാസ് പോരാളികൾ എല്ലാം മരിക്കുന്നതും. തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ പരിശോധന നടത്തിയ ഇസ്രയേൽ സൈന്യം യഹ്യാ സിൻവാറിനോട് സാമ്യമുള്ള ഒരാളുടെ മൃതദേഹം കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ വിശദ പരിശോധനയിലാണ് കൊല്ലപ്പെട്ടത് യഹ്യാ സിൻവാർ ആണെന്ന് വ്യക്തമായത്. പല്ലുകൾ, വിരലടയാളം, ഡിഎൻഎ പരിശോധന എന്നിവയിലൂടെയാണ് കൊല്ലപ്പെട്ടത് യഹ്യാ സിൻവാർ ആണെന്ന് ഉറപ്പിച്ചത്.

സരിൻ തന്നെ സ്ഥാനാർഥിയെന്ന് ജില്ലാ സെക്രട്ടറിയേറ്റ്

പാലക്കാട്: നിയമസഭ ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് പുറത്താക്കിയ പി. സരിൻ എൽ.ഡി.എഫ് സ്ഥാനാർഥിയാകും. സി.പി.എം ജില്ലാ സെക്രട്ടേറിയേറ്റ് സരിന്റെ പേര് ഐകകണ്ഠ്യേന പാസാക്കി. സരിൻ മത്സരിച്ചാൽ കോൺഗ്രസ് വോട്ടുകൾ വരെ ചോർത്താൻ കഴിയുമെന്ന വിലയിരുത്തലും സെക്രട്ടേറിയേറ്റിലുണ്ടായി. ജില്ലാ കമ്മറ്റിയിലും അവതരിപ്പിച്ച ശേഷമാകും ഔദ്യോഗിക പ്രഖ്യാപനം. പാർട്ടി ചിഹ്നമില്ലാതെ ഇടത് സ്വതന്ത്രനായാകും മത്സരിക്കുക.

പാലക്കാട് ബി.ജെ.പിയെ ജയിപ്പിക്കാൻ വേണ്ടുന്ന സകല ഡീലും ഉറപ്പിച്ച് വച്ചിരിക്കുന്നവരോടുള്ള മറുപടിയാണ് തന്റെ സ്ഥാനാർഥിത്വമെന്ന് സരിൻ പറഞ്ഞു. 'ഇടത് സ്ഥാനാർഥിയാകാനുള്ള ലക്ഷ്യം വിദൂരതയിൽ പോലുമില്ലായിരുന്നു. രാഷ്ട്രീയ സാഹചര്യങ്ങൾ അതിലേക്ക് നയിച്ചതാണ്. മൂന്നാം സ്ഥാനത്ത് നിന്ന് എൽ.ഡി.എഫിനെ ഒന്നാം സ്ഥാനത്തെത്തിക്കും. കോൺഗ്രസിന്റെ രാഷ്ട്രീയ അധഃപതനത്തെ അടയാളപ്പെടുത്തുന്ന തിരഞ്ഞെടുപ്പായിരിക്കും ഇത്. അധികാരമാണ് രാഷ്ട്രീയമെന്ന് കരുതുന്നവർക്കുള്ള മറുപടിയായിരിക്കുമിത്.

ബി.ജെ.പി പാലക്കാട് ജയിക്കുമോ എന്ന് ആശങ്കപ്പെടുന്നവർക്കുള്ള സമാശ്വാസ ജയമായിരിക്കും ഇത്. വ്യക്തിപരമായ ആക്രമണം സൈബർ ഇടത്തിലുൾപ്പടെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തന്റെ പഴയ ഫെയ്സ് ബുക്ക് പുകൾ കുത്തിപ്പൊക്കി കോൺഗ്രസ് പ്രവർത്തകർ തന്നെ പരിഹാസ്യരാവുകയാണെന്നും സരിൻ പറഞ്ഞു.

സമീപകാലത്തെ ഏറ്റവും വലിയ വർധന: പവന് 640 രൂപ കൂടി 57,920 രൂപയായി

തിരു: സംസ്ഥാനത്ത് സ്വർണ വിലയിൽ വീണ്ടും കുതിപ്പ്. ഇന്ന് രേഖപ്പെടുത്തിയത് സമീപ കാലത്തെ ഏറ്റവും വലിയ വർധന. പവന്റെ വില 640 രൂപ ഉയർന്ന് 57,920 രൂപയായി. 80 രൂപ കൂടി വർധിച്ചാൽ 58,000 രൂപയിലെത്തും. കഴിഞ്ഞ ദിവസം 57,280 രൂപയായിരുന്നു വില. 1720 രൂപയാണ് 8 ദിവസത്തിനിടെ വർധിച്ചത്. ഗ്രാമിന്റെ വിലയാകട്ടെ 7240 രൂപയുമായി.

രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിലും സമാനമായ വിലവർധനവുണ്ടായി. 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില റെക്കോഡ് നിലവാരമായ 77,641 രൂപയിലെത്തി.

ആഗോള വിപണിയിൽ സ്പോട് ഗോൾഡ് വിലയാകട്ടെ ട്രോയ് ഔൺസിന് 2,696.59 ഡോളറിലാണ്. യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഫലം സംബന്ധിച്ച ഊഹോപോഹങ്ങളാണ് ആഗോള വിപണിയിലെ പെട്ടെന്നുള്ള വില വർധനവിന് കാരണം. ആഭ്യന്തര വിപണിയിൽ ഡിമാന്റ് കൂടിയതും സ്വർണം നേട്ടമാക്കി.

യുഎസ് കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ്, യൂറോപ്യൻ സെൻട്രൽ ബാങ്ക് എന്നിവയുടെ സമീപകാല നയങ്ങളും പശ്ചിമേഷ്യയിലെ പിരിമുറക്കവും സ്വർണ വില വർധനവിന് പിന്നിലെ പ്രധാന ഘടകങ്ങളാണ്. ഇടക്കാല യളവിൽ വില ഇനിയും ഉയരാനാണ് സാധ്യത.

ബാങ്ക് ചെക്ക്ലീഫ് നഷ്ടപ്പെട്ടു

എനിക്ക് അക്കൗണ്ടുള്ള ESAF ബാങ്കിന്റെ 000001 നമ്പർ ഒപ്പിട്ട ബ്ലാങ്ക് ചെക്ക് ലീഫ് 16–10–2024 തിയ്യതി കാലത്ത് 10 മണിക്ക് കൊട്ടേക്കാട് നിന്നും തൃശൂർക്കുള്ള യാത്രക്കിടയിൽ എന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ എന്റെ 9947393316 മൊബൈൽ നമ്പറിൽ വിളിച്ചറിയിച്ചാൽ ഞാൻ വന്ന് വാങ്ങിച്ചുകൊള്ളാം.

എന്ന്, ജോസ് ആലപ്പാട്ട്
S/o. ഔസേഫ്, ആലപ്പാട്ട് ഹൗസ്,
കൊട്ടേക്കാട്, പി ഒ കുറ്റൂർ–680013
ഫോൺ: 9947393316

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ
RP: No. 215/2023
OS: 215/2023

മുകുന്ദപുരം താലൂക്ക് എടതിരിഞ്ഞി വില്ലേജ് ദേശത്ത് തൊറുവിൽ വെളുത്തേടത്ത് എന്ന കുനിയത്ത് ലക്ഷ്മി അമ്മ മകൾ പത്മം
–ഹരജിക്കാരി
ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് തൊറുവിൽ വെളുത്തേടത്ത് എന്ന കുനിയത്ത് ലക്ഷ്മി അമ്മ മകൻ സദാനന്ദൻ എന്ന സനാതനൻ
–എതൃകക്ഷി
മേൽ നമ്പർ ഹരജി കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് കേസ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബാലസംഘം തൃശ്ശൂർ ജില്ലാ സമ്മേളനം 19, 20 തീയതികളിൽ ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട : ഒക്ടോബർ 19, 20 തീയതികളിലായി ഇരിങ്ങാലക്കുടയിൽ നടക്കുന്ന ബാലസംഘം ജില്ലാ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി.

19 ന് രാവിലെ 10 ന് ടൗൺ ഹാളിൽ നടക്കുന്ന സമ്മേളനം ബാലസംഘം മുൻ സംസ്ഥാന സെക്രട്ടറി ഡോ ഷിജുഖാൻ ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടക സമിതി ചെയർമാൻ വി എ മനോജ്കുമാർ, ബാലസംഘം ജില്ലാ സെക്രട്ടറി അഖില നന്ദകുമാർ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. വൈകീട്ട് നടക്കുന്ന സാംസ്കാരിക സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. സംഘം സംസ്ഥാന കോർഡിനേറ്റർ എം രൺധീഷ്, സംസ്ഥാന വൈസ്- പ്രസിഡണ്ട് ഫിദ പ്രദീപ്, ഡി എസ് സന്ദീപ്, തുടങ്ങിയവർ പങ്കെടുക്കും. ജില്ലയിലെ ഒരു ലക്ഷത്തോളം അംഗങ്ങളെ പ്രതിനിധീകരിച്ച് 300 ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

ജില്ലാ കോർഡിനേറ്റർ ടി കെ അമൽറാം, സംഘാടകരായ ടി എസ് സജീവൻ മാസ്റ്റർ, രാജേഷ് അശോകൻ, അഭിനവ് ഗിരീഷ് , ഗേയ മനോജ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു

ഡോക്ടറേറ്റ് നേടി

അടച്ചിട്ടിരിക്കുന്ന സ്ഥലങ്ങളിലെ വായു മലിനീകരണം പരിഹരിക്കുന്നതിനുള്ള മാർഗങ്ങളെ പറ്റി ബാംഗ്ലൂർ DRDO യിൽ നടത്തിയ ഗവേഷണത്തിന് കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ കാർത്തിക വിനയകുമാർ. അമല മെഡിക്കൽ കോളേജിലേ ഈ എൻ ടി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. വിനയകുമാറിന്റെയും ജീജ വിന യകുമാറിന്റെയും മകളും തൃത്തല്ലൂർ വായ്ക്കാട്ടിൽ ബൽറാമിന്റെ ഭാര്യയും ആണ് കാർത്തിക.

സി.ബി.എസ്. ഇ, യു.എ.ഇ ക്ലസ്റ്റർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ 19 വയസ്സിന് താഴെയുള്ളവർക്കുള്ള 300, 500 മീറ്റർ വിഭാഗങ്ങളിൽ ഹിദ ഫാത്തിമ ഗോൾഡ് മെഡൽ കരസ്ഥമാക്കി. ഷാർജ റയാൻ ഇന്റർ നാഷണൽ പ്രൈവറ്റ് സ്കൂളിലായിരുന്നു മത്സരം. ഷാർജ ഇന്ത്യൻ സ്കൂളിലെ പത്താം ക്ളാസ് വിദ്യാർഥിനിയാണ്. തൃശ്ശൂർ പെരുമ്പിലാവ് സ്വദേശി ഹംസയുടെയും ജാസ്മിയുടെയും മകളാണ്.

കെ. കരുണാകരൻ സ്മൃതി മണ്ഡപത്തിൽ ചേലക്കര യു ഡി എഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസൻ പുഷ്പാർച്ചന നടത്തുന്നു

വാഹനം ആവശ്യമുണ്ട്

തൃശൂർ: വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ചാവക്കാട് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ ആവശ്യത്തിനായി ഒരു വർഷത്തേക്ക് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഒക്ടോബർ 23 ന് ഉച്ചയ്ക്ക് 2 നകം ലഭിക്കണം.

കൂടുതൽ വിവരങ്ങൾക്കായി ചാവക്കാട് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04872507707.

108 ആംബുലൻസ് നഴ്സുമാരെ നിയമിക്കുന്നു

തൃശ്ശൂർ: സംസ്ഥാന സർക്കാരിന്റെ കനിവ് 108 ആംബുലൻസ് ' പദ്ധതിയിലേക്ക് നഴ്സുമാരെ നിയമിക്കുന്നു. എമർജൻസി മെഡിക്കൽ ടെക്നിഷ്യൻ തസ്തികയിലേക്കാണ് നിയമനം. ജിഎൻഎം അല്ലെങ്കിൽ ബിഎസ്സി നഴ്സിങ് ആണ് യോഗ്യത. ബയോഡേറ്റ kaniv108 @emri.in എന്ന ഇമെയിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 7594050320

ചേലക്കരയിലെ യുഡിഎഫ് സ്ഥാനാത്ഥി രമ്യ ഹരിദാസ് തൃശൂർ ഡി സി സി ഓഫീസ് സന്ദർശിച്ചപ്പോൾ

വാടാനപ്പള്ളിയിൽ കുടിവെള്ള വിതരണത്തിന് കലക്ടറുടെ അനുമതി

തൃശൂർ: കടലേറ്റം രൂക്ഷമായ വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ അടിയന്തിരമായി കുടിവെള്ളം എത്തിക്കാൻ ജില്ല കലക്ടർ അനുമതി നൽകി. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശാന്തി ഭാസി, അംഗങ്ങളായ രേഖ അശോകൻ, സരിത ഗണേശൻ എന്നിവർ കലക്ടറെ കണ്ട് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭ്യമായത്.

പി.എസ്.സി ശാരീരിക അളവെടുപ്പും, കായികക്ഷമതാ പരീക്ഷയും ഒക്ടോബർ 21 ന്

തൃശ്ശൂർ: ജില്ലയിൽ വനം വകുപ്പിൽ ഫോറസ്റ്റ് ഡ്രൈവർ (ഒന്നാമത്തെ എൻ.സി.എ - എൽ.സി/എ.ഐ) (കാറ്റഗറി നം. 703/2021) തസ്തികയിലേയ്ക്ക് 2024 ഏപ്രിൽ 1 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ശാരീരിക അളവെടുപ്പും, കായികക്ഷമതാ പരീക്ഷയും ഒക്ടോബർ 21 ന് രാവിലെ 5.30 മുതൽ നടക്കും. പത്തനംതിട്ട ജില്ലയിലെ അടൂർ, വടക്കടത്തുകാവ്, കെഎപി കക്കകഭറ്റാലിയൻ പരേഡ് ഗ്രൗണ്ടിലാണ് പരീക്ഷ നടക്കുന്നത്. അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റിലെ (www.keralapsc.gov.in) പ്രൊഫൈലിൽ ലഭ്യമാക്കിയ അഡ്മിഷൻ ടിക്കറ്റും, അംഗീകൃത തിരിച്ചറിയൽ രേഖയുടെ അസ്സലും, മെഡിക്കൽ സർട്ടിഫിക്കറ്റും, ബന്ധപ്പെട്ട രേഖകളും സഹിതം ടെസ്റ്റിന്റെ ദിവസം രാവിലെ 5.30 ന് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം. ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് പ്രൊഫൈൽ/ എസ്.എം.എസ് സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് മറ്റൊരവസരം നൽകുന്നതല്ലെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസർ അറിയിച്ചു.

അറിയിപ്പ്

തൃശ്ശൂർ: മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിധവ പെൻഷൻ ഗുണഭോക്താക്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ (പേര്, അഡ്രസ്സ്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, വാർഡ്, മൊബൈൽ നമ്പർ) എന്നിവ അതാത് ഫിഷറീസ് ഓഫീസുകളിൽ ഒക്ടോബർ 25 നകം ലഭ്യമാക്കേണ്ടതാണെന്ന് റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചു.

ഉപജില്ലാ ശാസ്ത്രോത്സവം ആരംഭിച്ചു

ഇരിങ്ങാലക്കുട : വിദ്യഭ്യാസ ഉപജില്ല കേരള സ്കൂൾ ശാസ്ത്രോത്സവം എസ്. എൻ. ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ ജില്ല ഓഫീസർ ടി. ഷൈല ശാസ്ത്ര സന്ദേശം നൽകി. മുൻസിപ്പൽ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ, സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാരായ അംബിക പള്ളിപ്പുറത്ത്, ഫെനി എബിൻ വെള്ളാനിക്കാരൻ, ജെയ്സൻ പാറേക്കാടൻ, പഞ്ചായത്ത് പ്രസിഡണ്ടുമാരായ ജോസ് ജെ ചിറ്റിലപ്പിള്ളി, ബിന്ദു പ്രദീപ്, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഡോ. നിഷ എം.സി., ജനറൽ കൺവീനർ - സ്കൂൾ പ്രിൻസിപ്പൽ അജിത കെ.സി., കുമാരൻ എ. സി., ഷാജി എം.ജെ.,എം. ലത, ബി.പി.സി. കെ. ആർ. സത്യപാലൻ, സിന്ധു മേനോൻ, എം.ആർ. സനോജ് എന്നിവർ പ്രസംഗിച്ചു. എസ്. എൻ.ഹയർ സെക്കണ്ടറി സ്കൂൾ, ലിസ്യു കോൺവെന്റ് സ്കൂൾ എന്നിവടങ്ങളിലായി നടക്കുന്ന മേളകൾ വെള്ളിയാഴ്ച വൈകീട്ട് സമാപിക്കും. സമാപന സമ്മേളനം ജില്ല പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്യും.

പി.എസ്.സി അഭിമുഖം

തൃശ്ശൂർ ജില്ലയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് കക (കാറ്റഗറി നം. 713/22) തസ്തികയ്ക്ക് 2024 ജൂലൈ 2 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം ഒക്ടോബർ 23, 24, 25 തീയ്യതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് പ്രൊഫൈൽ/ എസ്.എം.എസ് സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാകണം.

തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദവും സുരക്ഷിതവുമാകണം: ബി.ഇ.എഫ്.ഐ

തൃശൂർ: തൊഴലിടങ്ങൾ സ്ത്രീ സൗഹൃദവും സുരക്ഷിതവുമാകണം എന്ന സന്ദേശമുയർത്തിക്കൊണ്ട് ബി ഇ എഫ് ഐ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന ക്യാമ്പയിന്റെ ഭാഗമായി തൃശൂരിൽ പ്രകടനവും ശാഖാ സന്ദർശനവും നടത്തി. കേരള ബാങ്ക് റീജണൽ ഓഫീസിൽ നടന്ന ജില്ലാ തല ഉദ്ഘാടനം ദീപക് വിശ്വനാഥ് (LICEU ഡിവിഷണൽ സെക്രട്ടറി) നിർവ്വഹിച്ചു.

ബിജി ദിലീപ് (ബി ഇ എഫ് ഐ തൃശൂർ ജില്ലാ ജോ സെക്രട്ടറി) അദ്ധ്യക്ഷയായി. ബി ഇ എഫ് ഐ ദേശീയ ജോ സെക്രട്ടറി വിനിത പി എച്ച്, ജില്ലാ സെക്രട്ടറി ബി.സ്വർണകുമാർ, സുകുമാർ കെ ജി, വിപിൻ ബാബു പി കെ തുടങ്ങിയവർ അഭിവാദ്യം ചെയ്തു. ബി ഇ എഫ് ഐ ജില്ല വനിതാ കൺവീനർ എ എം ഷെമി സ്വാഗതവും വൃന്ദ ടി (ബി ഇ എഫ് ഐ ജില്ലാ കമ്മിറ്റി മെംബർ) നന്ദിയും പറഞ്ഞു. തുടർന്ന് ജില്ലയിലെ ബാങ്ക് ശാഖകൾ സന്ദർശിച്ച് ജീവനക്കാരെ നേരിൽ കണ്ട് ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു.

നിര്യാതയായി ആനി

കാളത്തോട്: കൃഷ്ണാപുരം ചക്കാലത്തറ കളത്തിൽ വീട്ടിൽ പരേതനായ അന്തോണിയുടെ ഭാര്യ ആനി(68) നിര്യാതയായി. മക്കൾ : അനിൽ, അനിത. മരുമക്കൾ: ഷാജു, വർഷ. സംസ്ക്കാരം ഇന്ന്രാവിലെ 9 ന് കാളത്തോട് സെന്റ് ജോസഫ് ചർച്ചിൽ നടത്തപ്പെട്ടു.

AKSHAYASREE GOLD LOAN
30/244, Akkara Tower, Panamkuttichira
OLLUR, THRISSUR, KERALA-680306
Tell No : 91-9037507289, 9037407289

സ്വർണ്ണപണയ ലേല വിൽപന നോട്ടീസ്

സ്ഥാപനത്തിന്റെ ഒല്ലൂർ ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചു സ്വീകരിച്ച കക്ഷികളുടെ താഴെപറയുന്ന അക്കൗണ്ട് നമ്പറിൽ ഉള്ള സ്വർണ ഉരുപിടികൾ **2024 നവംബർ 01ന് ഉച്ചതിരിഞ്ഞു 4 മണിക്ക്** സ്ഥാപനത്തിൽ വെച്ച് പരസ്യമായി ലേല വില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപെടുത്തിയിട്ടുള്ളതാകുന്നു. ലേലവില്പന സ്ഥാപനത്തിന്റെ അന്തിമ തീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടിവയ്ക്കാനും നിർത്തിവയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

*Weights mentioned in grams

NAME AND ADDRESS	Raghu K. S/o. Krishnan V Chelakkad Kunnu, Tarur P.O., Pin: 678544
LOAN DATE	20-07-2024,
LOAN NUMBERS	GL-397/24-25
WEIGHT OF THE ORNAMENTS	127.7 gm

ഒല്ലൂർ, 18-10-2024.
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
അക്ഷയശ്രീ ഗോൾഡ് ലോൺ